II അറിയിപ്പ്

എ. സി. പ്ലാന്റ് കേടുവന്നതു സംബന്ധിച്ച്

മി. സ്പീക്കർ: മെമ്പർമാരുടെ ശ്രദ്ധയ്ക്ക്, നമ്മുടെ എ. സി. പ്ലാന്റ് കുറച്ച് കേടുവന്നിരിക്കുകയാണ്. അത് കറക്ട് ചെയ്യാനുള്ള റിപ്പെയർ പണി അടിയന്തിരമായി ചെയ്യുന്നുണ്ട്. കുറച്ചൊരു ബുദ്ധിമുട്ടുണ്ട്.

9.30 a.m.

III പ്രസ്താവന

പ്രതിപക്ഷ നേതാക്കൾ നടത്തുന്ന നിരാഹാര സമരം

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, നെല്ലുസംഭരണമടക്കം കൃഷിക്കാർക്കുവേണ്ടി നടപ്പിലാക്കേണ്ട ഗവൺമെന്റ് പ്രഖ്യാപനങ്ങൾ നടപ്പിലാക്കാതിരുന്നാൽ 9-ാം തീയതി മുതൽ പ്രതിപക്ഷനേതാക്കൾ അനിശ്ചിതകാലത്തേക്ക് സഭയുടെ കവാടത്തിൽ നിരാഹാരസമരം നടത്തുമെന്ന് അറിയിച്ചിരുന്നു. ഇന്ന് 9-ാം തീയതിയാണ്. ഗവൺമെന്റ് ഇതുസംബന്ധിച്ച് പ്രഖ്യാപനങ്ങൾ നടത്തുക എന്നുള്ളതല്ലാതെ ഒന്നരമാസക്കാലമായി കൊയ്ത്തുകഴിഞ്ഞ് കളത്തിൽ കെട്ടിക്കിടക്കുന്ന നെല്ലിന്റെ സംഭരണത്തെ സംബന്ധിച്ചും അതുപോലെതന്നെ മുണ്ടകൻ ബാധിച്ച് മുഴുവൻ കൃഷിയും നശിച്ച നിരാലംബരായ കൃഷിക്കാരെ സഹായിക്കുന്നതു സംബന്ധിച്ചും ഗവൺമെന്റ് പറഞ്ഞു. അതുപോലെ അവരുടെ insurance premium -ന്റെ ബാക്കി ഗവൺമെന്റ് അടയ്ക്കാമെന്നുപറഞ്ഞു. കടക്കെണിയിൽപ്പെട്ടു മരിച്ച കൃഷിക്കാർക്ക് സഹായം നൽകുന്നതു സംബന്ധിച്ചും ഗവൺമെന്റ് പ്രഖ്യാപനങ്ങൾ നടത്തി. പ്രഖ്യാപനങ്ങളെല്ലാം തന്നെ വനമേഖലകളായും വെറും പ്രഖ്യാപനങ്ങളായും മാത്രമായി അവശേഷിച്ച സാഹചര്യത്തിലാണ് ഗവൺമെന്റ് ഒന്നരമാസക്കാലമായി പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻവേണ്ടി വീണ്ടുമൊരു അവസരം കിട്ടട്ടെയെന്നുവിചാരിച്ച് കഴിഞ്ഞ 8-ാം തീയതി ഞാനൊരു മുന്നറിയിപ്പുകൂടി നൽകിയത്. അതും ഫലപ്പെട്ടില്ല എന്നുള്ളതുകൊണ്ട് അടുത്ത നിമിഷം മുതൽ ശ്രീ. വി.എസ്. അച്ചുതാനന്ദൻ, ശ്രീ. കെ.പി. രാജേന്ദ്രൻ, ശ്രീ. സി.കെ. നാണു, ശ്രീ. എ. എ. അസീസ്, ഡോ. കെ. സി. ജോസഫ്, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീ. പി. സി. ജോർജ്, ശ്രീ. വി. സി. കബീർ എന്നീ അംഗങ്ങൾ ഈ സഭയുടെ വാതിൽക്കൽ അനിശ്ചിതകാലത്തേക്ക് നിരാഹാര സമരം നടത്തിവരുന്നു എന്നകാര്യം അങ്ങയെ അറിയിക്കുന്നു. ഞങ്ങൾ ഈ സഭ വിടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞങ്ങൾ പറയുന്നത് ഒന്ന് കേട്ടിട്ട്.....(ബഹളം).....

മി. സ്പീക്കർ: എന്തായാലും മുഖ്യമന്ത്രി പറയുന്നത് ഒന്ന് കേൾക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസം ഒരു കാര്യം ഇവിടെ പറഞ്ഞു. പറഞ്ഞപ്പോൾ തന്നെ ഗവൺമെന്റ് അത് വളരെ ഗൗരവമായി എടുക്കുകയും അദ്ദേഹത്തോട് നേരിട്ട് ഞാൻ സംസാരിക്കുകയും ചെയ്തു. 9-ാം തീയതിവരെ ഗവൺമെന്റ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ള നടപടികളെക്കുറിച്ച്,

LIBRARY ARCHIVES Kerala Legislative Assembly